# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3488** **09.04.2013-ൽ മറുപടിക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ പാലങ്ങളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന പാലങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ; | (എ) വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ. കെ.എസ്.ഇ.ബി-യുടെ 11 കെ.വി.ലൈൻ. ബി.എസ്.എൻ.എൽ കേബിൾ മുതലായവ മാറ്റുന്നതിന് കാലതാമസം നേരിട്ടതുകൊണ്ടും, നിലവിലെ ഗതാഗതം നിലനിറുത്തിക്കൊണ്ട് പഴയ പാലത്തിന് സമാന്തരമായി പുതിയ പാലം പണിയുന്നതിനുള്ള സ്ഥല പരിമിതി കൊണ്ടും, സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുള്ളതുകൊണ്ട് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതുകൊണ്ടും വൈപ്പിൻ മണ്ഡലത്തിലെ പാലങ്ങളുടെ നവീകരണ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞില്ല. |
| (ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കി ഗതാഗത സജ്ജമാക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) എട്ട് പാലങ്ങളിൽ മൂന്ന് പാലങ്ങൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുക്കാനാകുമെന്നും മറ്റു മൂന്നു പാലങ്ങൾ മൂന്നുമാസത്തിനകം പൂർത്തീകരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള രണ്ട് പാലങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഏതൊക്കെ കരാറുകാർക്ക് എത്ര തവണ സമയം ദീർഘിപ്പിച്ചു നൽകിയെന്നും ആയതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ ? | (സി) എട്ടു പാലങ്ങളുടെയും നിർമ്മാണ ഏജൻസി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്. പ്രവർത്തികൾ പൂർത്തികരിക്കുന്നതിന് ഒരു തവണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. രണ്ടാമത് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോടതി വ്യവഹാരങ്ങളും ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസവും ഉൾപ്പടെയുള്ള വിവിധ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടതായി വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ